പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4278** | **21.07.2015-ൽ മറുപടിക്ക്**

**പൊതുനിരത്തുകളിൽ നിക്ഷേപിക്കുന്ന കക്കൂസ് മാലിന്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും ) വകുപ്പു മന്ത്രി) |
| (എ) പൊതു നിരത്തുകളിൽ വ്യാപകമായ തോതിൽ കക്കൂസ് മാലിന്യം ടാങ്കർ ലോറികളിൽ കൊണ്ടു വന്ന് നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പൊതു നിരത്തുകളിൽ അപൂർവമായി നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഗുരുതരമായ ഈ പ്രശ്നം തടയുന്നതിനായി ഇത്തരം വാഹനങ്ങൾക്ക് പെർമിറ്റു നൽകുന്നത് ഒഴിവാക്കുന്ന തടക്കമുള്ള കർശന നടപടികൾ കൈക്കൊള്ളാൻ തയ്യാറാകുമോ; | (ബി) മാലിന്യം നിക്ഷേപിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ വാഹനം പിടിച്ചെടുത്ത് പോലീസിന് കൈമാറുകയും കേരള മുനിസിപ്പൽ ആക്ട് 340 A & 340 B എന്നീ വകുപ്പുകൾ പ്രകാരം പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഗ്രാമപഞ്ചായത്തുകളുടെ പ്രധാന കേന്ദ്രങ്ങളിലടക്കം നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനും പഞ്ചായത്തുകൾ ഇതിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് അനുമതി നൽകുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) പഞ്ചായത്തുകളിൽ നിന്ന് നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ